പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1192 | 02-05-2017-ലെ മറുപടിയ്ക്ക്

**കാർഷികവിളകൾക്കുണ്ടായിട്ടുള്ള നാശനഷ്ടം**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ** | | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| **(എ)** സംസ്ഥാനത്തെ വരൾച്ചയുമായി ബന്ധപ്പെട്ട് കാർഷികവിളകൾക്കുണ്ടായിട്ടുള്ള നാശ നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; | **(എ)** | സംസ്ഥാനത്ത് വരൾച്ച മൂലം ഏകദേശം 62897 കർഷകരുടെ 41592.3 ഹെക്ടർ കൃഷി നശിച്ചതായും ഏറ്റവും കുറഞ്ഞത് 724.5 കോടി രൂപയുടെ കൃഷിനാശം ഉണ്ടായതായിട്ടുള്ളതുമായാണ് പ്രാഥമിക വിവര റിപ്പോർട്ട് പ്രകാരം കണക്കാക്കിയിട്ടുള്ളത്. എന്നാൽ വിശദമായ കണക്കെടുപ്പ് കഴിയുമ്പോൾ നഷ്ടം വൻതോതിലുണ്ടാകും എന്നാണ് കണക്കാക്കുന്നത്. |
| **(ബി)** കേന്ദ്രസർക്കാർ സംസ്ഥാനത്തിനു പ്രത്യേക സഹായങ്ങൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ? | **(ബി)** | സംസ്ഥാനത്തുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തുകയും അതുപ്രകാരം 2017 മാർച്ച് 28-ന് സംസ്ഥാന റവന്യൂ കൃഷി വകുപ്പ് മന്ത്രിമാർ സംയുക്തമായി കേന്ദ്ര കൃഷി വകുപ്പ് മന്ത്രിക്ക് വരൾച്ചാ മെമ്മോറാണ്ടം സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സംഘം ഏപ്രിൽ 19 മുതൽ 21 തീയതി വരെ കേരളം സന്ദർശിച്ച് വരൾച്ച സ്ഥിതി വിലയിരുത്തിയിട്ടുണ്ട്. കൃഷിനാശത്തിന് ആനുപാതികമായി കേന്ദ്രസഹായം ലഭിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**